**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **03-02-2026 - ൽ മറുപടിയ്ക്ക്**

**പിഎം ശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാന സർക്കാർ എന്നാണ് ഒപ്പുവെച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | പി. എം. ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പ് വച്ചു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ കേരളം (SSK) പദ്ധതി 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഈ പദ്ധതിക്ക് 2023-24 വർഷം രണ്ടാം ഗഡു കേന്ദ്രവിഹിതം ലഭിച്ചതിനുശേഷം പ്രസ്തുത വർഷം ലഭിക്കേണ്ട ബാക്കി രണ്ടു ഗഡു കേന്ദ്രവിഹിതവും 2024-25 വർഷം ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം പൂർണമായും കേന്ദ്രസർക്കാർ അനുവദിച്ചില്ല. 2025-26 വർഷവും ലഭിക്കേണ്ട കേന്ദ്രവിഹിതവും 2025 ഒക്ടോബർ 23 വരെ ഒരു തുകയും ലഭിച്ചില്ല. മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ശ്രീ.പദ്ധതിയുടെ ധാരണാപത്രം, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനം ഒപ്പിടാത്തതിനാലാണ് എസ്.എസ്.കെ. പദ്ധതിക്കു ലഭിക്കേണ്ട കേന്ദ്രവിഹിതം തടഞ്ഞുവച്ചത്. ഇതുകാരണം എസ്.എസ്.കെ ജീവനക്കാരുടെ ശമ്പളം, കുട്ടികൾക്ക് ലഭിക്കാനുള്ള സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഭിന്നശേഷി വിഭാഗം കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ, വിവിധ ആനുകൂല്യങ്ങൾ, ട്രാൻസ്പോർട്ട് അലവൻസ്, റസിഡൻഷ്യൽ ഹോസ്റ്റലുകളിലെ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, പഠന പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കുവരെ പ്രയാസം നേരിട്ട അവസ്ഥയിൽ എസ്.എസ്.കെ പദ്ധതി പ്രകാരം ലഭിക്കാനുള്ള കേന്ദ്രവിഹിതം കുടിശിക ഉൾപ്പെടെ ലഭിക്കുന്നതിനായാണ് പി.എം. ശ്രീ. പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ധാരണാപത്രത്തിൽ സംസ്ഥാന സർക്കാർ ഒപ്പ് വച്ചത്. |
| (ബി) | പിഎം ശ്രീ പദ്ധതിയിൽ ഒപ്പ വച്ചതിന്റെ ഭാഗമായി സംസ്ഥാനത്തിന് സമഗ്ര ശിക്ഷാ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | പി. എം. ശ്രീ പദ്ധതിയുടെ ധാരണാപത്രം ഒപ്പ് വച്ചതിന് ശേഷം എസ്.എസ്.കെ. മുഖാന്തിരം നടപ്പാക്കുന്ന സമഗ്രശിക്ഷാ എന്ന പദ്ധതിയുടെ 2025-26 വർഷത്തെ കേന്ദ്രവിഹിതത്തിന്റെ ഒന്നാം ഗഡു ആയി 92.41 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) | പിഎം ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാഉപസമിതി യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പി. എം. ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടില്ല. |
| (ഡി) | പ്രസ്തുത ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | പി. എം. ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ